**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4497** **29-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലെ ആരോഗ്യ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി,പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിൽ ആരോഗ്യ കേന്ദ്രങ്ങളോ ആശുപത്രികളോ മെഡിക്കൽ കോളേജുകളോ പ്രവർത്തിക്കുന്നുണ്ടോ; വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ അധീനതയിൽ പാലക്കാട് ജില്ലയിൽ ഒരു ഗവൺമെന്റ് മെഡിക്കൽ കോളേജ് (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസസ്) പ്രവർത്തിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 4 മിഡ് വൈഫറി സെന്ററുകൾ, 17 ആയുർവേദ ഡിസ്പെൻസറികൾ, 1 ആയുർവേദ ആശുപത്രി, 2 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ 14 TMMU, 5 ഒ.പി.ക്ലിനിക്കുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. ഇവയുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യസംരക്ഷണത്തിനും, രോഗചികിത്സയ്ക്കും വേണ്ടി ആശുപത്രികൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾക്ക് കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ ലഭിക്കാറുണ്ടോ; വിശദമാക്കാമോ; ഇതിനാവശ്യമായ ഫണ്ടുകൾ എങ്ങനെയാണ് കണ്ടെത്തുന്നതെന്നും അറിയിക്കാമോ; | (ബി) | കേന്ദ്ര ഫണ്ട് ലഭിക്കുന്നില്ല. എന്നാൽ പാലക്കാട് മെഡിക്കൽ കോളേജിന്റെ ആശുപത്രി കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2016-17 മുതൽ സംസ്ഥാന സർക്കാർ തുക അനുവദിച്ചുവരുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (സി) | പാലക്കാട് മെഡിക്കൽ കോളേജ് പട്ടികജാതി വികസന വകുപ്പിന് കീഴിൽ ആരംഭിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ; ഏത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പാലക്കാട് മെഡിക്കൽ കോളേജിന് ഫണ്ട് കണ്ടെത്തിയതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | യോഗ്യരായ വിദ്യാർത്ഥികൾ അഡ്മിഷൻ ലഭിക്കാതെ പിന്തള്ളപ്പെട്ടുപോകുന്ന സാഹചര്യം ഒഴിവാക്കി പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ 100 വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകാവുന്ന തരത്തിൽ പാലക്കാട് ഒരു മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും തുടങ്ങുന്നതിനെക്കുറിച്ച് ആലോചിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ഇന്ത്യൻ ടെലഫോൺ ഇൻഡസ്ട്രീസിനു വേണ്ടി പൊന്നും വിലയ്ക്കെടുത്ത 100 ഏക്കർ സ്ഥലത്തു നിന്നും മെഡിക്കൽ കോളേജിനാവശ്യമായി വരുന്ന ഭൂമി ലഭ്യമാക്കാൻ തീരുമാനിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | | പാലക്കാട് മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് പ്രാരംഭമായി ആവശ്യമായി വരുന്ന തുക പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണെന്ന നിർദ്ദേശത്തോടെ 25.06.2012 ലെ സ.ഉ(കൈ) നം.72/2012/ പജപവവിവ ഉത്തരവ് പ്രകാരം കോളേജ് തുടങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. വകുപ്പിന്റെ പൂൾഡ് ഫണ്ടിൽ ഉൾപ്പെടുത്തിയാണ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുക കണ്ടെത്തിയിരുന്നത്. ഭരണ ചെലവുകൾക്ക് ആവശ്യമായ തുക 2225-01-277-57 Assistance for SC Students എന്ന ശീർഷകത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

| | |
|---|---|
| **മിഡ് വൈഫറി സെന്റർ** | |
| 1 | കടമാൻകോട്,കൊല്ലം |
| 2 | പഞ്ചാരക്കൊല്ലി,വയനാട് |
| 3 | കാപ്പുസെറ്റ്, വയനാട് |
| 4 | കുറിച്യാട്, വയനാട് |
| **ആയുർവേദ ഡിസ്പെൻസറികൾ** | |
| 1 | ചെട്ടിയാമ്പാറ, തിരുവനന്തപുരം |
| 2 | ഇടിഞ്ഞാർ, തിരുവനന്തപുരം |
| 3 | കുളത്തൂപ്പുഴ,കൊല്ലം |
| 4 | നാളിയാനി, ഇടുക്കി |
| 5 | കുരുതിക്കളം, ഇടുക്കി |
| 6 | ചമ്പക്കാട്, ഇടുക്കി |
| 7 | മന്നാങ്കണ്ടം, ഇടുക്കി |
| 8 | കാഞ്ചിയാർ, ഇടുക്കി |
| 9 | പിണവൂർക്കുടി, എറണാകുളം |
| 10 | തിരുനെല്ലി, വയനാട് |
| 11 | തരിയോട്, വയനാട് |
| 12 | ചീങ്ങേരി, വയനാട് |
| 13 | കണ്ണവം, കണ്ണൂർ |
| 14 | ബേള, കാസർഗോഡ് |
| 15 | നാറാണംമുഴി, പത്തനംതിട്ട |
| 16 | കരുളായി, മലപ്പുറം |
| 17 | കരിയാർകുറ്റി, പാലക്കാട് |
| **ആയുർവേദ ആശുപത്രി** | |
| 1 | ആറളം, കണ്ണൂർ |
| **വകുപ്പിന്റെ കീഴിൽ മൊബൈൽ മെഡിക്കൽ യൂണിറ്റ്** | |
| 1 | നെടുമങ്ങാട്,തിരുവനന്തപുരം |
| 2 | തൊടുപുഴ, ഇടുക്കി |
| **ഒ.പി.ക്ലിനിക്കുകൾ** | |
| 1 | മലക്കപ്പാറ, തൃശ്ശൂർ |
| 2 | പാടവയൽ, പാലക്കാട് |
| 3 | ഇലച്ചിവഴി,പാലക്കാട് |
| 4 | കോവിൽക്കടവ്,ഇടുക്കി |
| 5 | വെള്ളക്കയം, ഇടുക്കി |

## അനുബന്ധം 2

| നം. | വർഷം | അനുവദിച്ച തുക |
|---|---|---|
| 1 | 2016-17 | 146.751 കോടി |
| 2 | 2017-18 | 156.04 കോടി |
| 3 | 2018-19 | 69.724 കോടി |
| 4 | 2019-20 | 68.281 കോടി |
| 5 | 2020-21 | 16.00 കോടി |

സെക്ഷൻ ഓഫീസർ